(ബി) എങ്കിൽ യാത്രകൂലി ഏകീകരിക്കാനും സമാന്തര സർവ്വീസുകൾ നിയമ വിധേയമാക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) സമാന്തര സർവീസ് നിയമവിധേയമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ

16(*222) ശ്രീ. എ. കണാരൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിട്ടുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ആവശ്യമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം ലഭിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭകർക്ക് എന്തെങ്കിലും സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനെ സംബന്ധിച്ച് കർഷകസംഘടനകളുടെ അഭിപ്രായം ആരായുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വീകരിച്ചിട്ടുണ്ട്. കാർഷികമേഖലയിലെ 'നൂതന സാങ്കേതിക സംരംഭങ്ങൾ' എന്ന പദ്ധതി പ്രകാരം 1997-98 ൽ തേങ്ങ, കുരുമുളക്, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് തയ്യാറായിവരുന്ന സംരംഭകരെ ധനസഹായം നൽകി സഹായിക്കുന്നു. കൂടാതെ ഇഞ്ചി, കുരുമുളക് എന്നിവയുടെ ഉല്പന്നങ്ങൾ തയ്യാറാക്കുന്ന ചെറുകിട വ്യവസായങ്ങൾ അഗ്രി ബിസിനസ് കൺസോർഷ്യത്തിന്റെ സഹകരണത്തോടുകൂടി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിലെ മാളയിൽ പഴച്ചാർ കുപ്പികളിൽ നിറച്ചു വിപണനം നടത്തുന്നതിന് ഒരു ബോയിലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കേരള ആഗ്രോ ഇൻഡസ്ട്രിസ് കോർപ്പറേഷൻ നടപടികൾ സ്വീകരിക്കുകയും അതിന് വേണ്ട സ്ഥലം എടുക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടം പണി നടത്തുന്നതിനുള്ള പ്രാരംഭ നടപടികളും, തുടങ്ങിക്കഴിഞ്ഞു. സംസ്ഥാനത്ത് ഏകദേശം രണ്ട് ലക്ഷത്തിലധികം വരുന്ന നാമമാത്ര കർഷകസ്ത്രീകളുടെ ഉപജീവനമാർഗ്ഗമായ തഴപ്പായ നിർമ്മാണരംഗം വികസിപ്പിച്ചെടുക്കുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതി അഗ്രി ബിസിനസ് കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി വിജയപ്രദമായി കണ്ടതിനെ തുടർന്ന് കോട്ടയം ജില്ലയിലും നടപ്പിലാക്കി വരുന്നു. കൂടാതെ കൊല്ലം ജില്ലയിലെ തഴവാ പ്രദേശത്തും ഉടനടി ഈ പദ്ധതി തുടങ്ങുന്നതാണ്. ഇതിനകം 2500-ൽ അധികം ഉൽപ്പാദകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങിൻതടിയിൽ നിന്നും വിവിധ ഉല്പന്നങ്ങൾ യന്ത്രസഹായത്താൽ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും ഉടനടി നടപ്പിലാക്കി തുടങ്ങുന്നതാണ്.

(സി) വൻകിട വ്യവസായങ്ങൾ ഒഴിച്ചുള്ള കാർഷിക വ്യവസായ സംരംഭങ്ങൾക്ക് കേന്ദ്രാനുമതി ആവശ്യമാണെന്നു കരുതുന്നില്ല.

(ഡി & ഇ) നാളികേരത്തിന്റെ വൈവിദ്ധ്യവൽക്കരണവ്യവസായ യൂണിറ്റ് ആരംഭിക്കാൻ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. കാർഷിക മേഖലയിലെ നൂതന സാങ്കേതിക സംരംഭങ്ങൾ എന്ന സംസ്ഥാനാവിഷ്കൃതപദ്ധതിപ്രകാരം തേങ്ങ, കുരുമുളക്, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയടിസ്ഥാനമായിട്ടുള്ള ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിന് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ട്.

(ജി) കർഷക സംഘടനകളുടെ സംസ്ഥാനതല യോഗങ്ങളിൽ ഈ പ്രശ്നം രണ്ട് തവണ ചർച്ച ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly